**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

**<u>ഇന്ദിര ആവാസ് യോജന</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1777 — 31-01-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. രാജു എബ്രഹാം** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം വീട് നൽകുന്നതിന് കഴിഞ്ഞ 3 വർഷം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; കഴിഞ്ഞ 3 വർഷം എത്ര ഗുണഭോക്താക്കൾക്ക് എത്ര തുക വീതം അനുവദിച്ചു എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ ; | (എ) | ഇന്ദിര ആവാസ് യോജന പദ്ധതിപ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

(തുക ലക്ഷത്തിൽ)

| വിഭാഗം | വർഷം | അനുവദിച്ച തുക (മുൻബാക്കി, മറ്റ് വരവുകൾ ഉൾപ്പെടെ) |
|---|---|---|
| 1 | 2014-15 | 36325.47 |
| 2 | 2015-16 | 59997.18 |
| 3 | 2016-17 | 31-03-2016-ൽ ഐ.എ.വൈ പദ്ധതി നിർത്തലാക്കി പകരം 01-04-2016-ൽ ആരംഭിച്ച പി.എം.എ.വൈ. (ജി) പദ്ധതിക്ക് ലഭിച്ച തുക 24366.65 ലക്ഷം രൂപ |

കഴിഞ്ഞ 3 വർഷം ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെയും അനുവദിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2014-15 | 51261 | 30520.55 |
| 2 | 2015-16 | 56057 | 39312.2 |
| 3 | 2016-17 | 12991 | 18470.17 (പി.എം.എ.വൈ (ജി) ഉൾപ്പെടെ) |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ അവസാന ഗഡു പല ഗുണഭോക്താക്കൾക്കും ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്; ഇത് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2011-12 മുതൽ 2015-16 വരെ നിർമ്മിച്ച ഐ.എ.വൈ വീടുകളുടെ യൂണിറ്റ് നിരക്ക് 2.00 ലക്ഷം രൂപ (പട്ടിക വർഗ്ഗക്കാർക്ക് 2.5 ലക്ഷം രൂപ) യായി ഉയർത്തിയതിന്റെ ഭാഗമായി വീടൊന്നിന് 50,000/- രൂപ വച്ച് 2011-12 മുതൽ 2015-16 വരെ 1537.22 കോടി രൂപ സംസ്ഥാന സർക്കാർ നൽകേണ്ട സാഹചര്യം ഉണ്ടായി. ഇതിൽ 2015-16-ൽ 480 കോടി രൂപയും, 2016-17-ൽ 73.33 കോടി രൂപയും ഉൾപ്പെടെ 553.33 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. എന്നാൽ ബാക്കി നൽകേണ്ട 983.89 കോടിയിൽ, ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽനിന്ന് തുക വകയിരുത്തി ഏകദേശം 883.895 കോടി രൂപ ഗുണഭോക്താക്കൾക്ക് നൽകിക്കഴിഞ്ഞു. ഇനിയും നൽകാനുള്ള 100 കോടി രൂപ അനുവദിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ